# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## പറവൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAEKM(BP)551/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/07/2022
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറവൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAEKM(BP)551/22 തീയ്യതി: 03/07/2022

## എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ്

പരാമർശങ്ങൾ 31-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ.കെ.ജി | ജോയിന്റ് ഡയറക്ടർ | 24-03-2022 | 31-03-2022 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-03-2022 | 31-03-2022 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പോളി ടി.ഒ ഓഡിറ്റ് ഓഫിസർ

ധീരജ് ജെ., ഓാഡിറ്റ് ഓഫീസർ

സജീവ് എൻ.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ

മെഴ്സി കെ.പി.,സീനിയർ ഗ്രേഡ് ഓഡിറ്റർ

ഷഹീർ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ യേശുദാസ് പറപ്പിള്ളി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്റ്ററേറ്റ് കമ്മറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി സിംന സന്തോഷ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി ശ്രീദേവി.കെ.ജി | സെക്രട്ടറി | 01-04-2020 | 06-08-2020 |
| ശ്രീമതി ലൈല.വി.എം | സെക്രട്ടറി | 07-08-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മഞ്ജു പി വാസു | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി പ്രീതി സി.ഡി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ ബേബി മാത്യു | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ ജിഷ.പി.ജി | അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി അംബിക | ചൈൽഡ് ഡവലപ്പ്മന്റ് പ്രോഗ്രാം ഓഫീസർ, | 01-04-2020 | 17-09-2020 |
| ശ്രീമതി മിനി ദാമോദരൻ | ചൈൽഡ് ഡവലപ്പ്മന്റ് പ്രോഗ്രാം ഓഫീസർ, | 18-09-2020 | 31-03-2021 |
| ശ്രീ തരുൺകുമാർ.വി.ആർ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി രമ്യ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 19-06-2020 |
| ശ്രീ രതീഷ് ബാബു | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 20-06-2020 | 31-03-2021 |
| ഡോ പ്രീതി.ബി | മെഡിക്കൽ ഓഫിസർ, സി..എച്ച്.സി,ഏഴിക്കര | 01-04-2020 | 31-03-2021 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | ബ്ലോക്ക് പഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടം - അപാകങ്ങൾ പരിഹരിക്കേണ്ടതാണ് | 1-10 |
| 11 | തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല | 1-11 |
| 12 | വനിത തൊഴിൽ സംരംഭ കെട്ടിടത്തിൽ കുടുബശ്രീ (ഡി.ഡി.യു.ജി.കെ.വൈ) പ്ലേസ്മെന്റ് സെന്ററിന് ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ- പദ്ധതി നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ. | 1-12 |

| | | |
|---|---|---|
| 13 | ചേരമർ എസ് സി കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണവും പ്ലംബിംഗം - പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-13 |
| 14 | വനിതകൾക്ക്(എസ്.സി) സ്വയം തൊഴിൽ സംരംഭ ഗ്രൂപ്പകൾക്ക് ധനസഹായം - പദ്ധതി പ്രവർത്തനമാരംഭിച്ചിട്ടില്ല. | 1-14 |
| 15 | ഡെപ്പൊസിറ്റ് പ്രവർത്തിക്ക് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-15 |
| 16 | ജലസ്രോതസ്സകളുടെ പുനരുദ്ധാരണം - വിവിധ പഞ്ചായത്തുകൾക്കുള്ള ചെലവിന്റെ വിശദാംശങ്ങൾ, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. | 1-16 |
| 17 | അങ്കണവാടികളിൽ മിനി എം.സി.എഫ്. സ്ഥാപിക്കൽ - വിശദാംശങ്ങൾ ലഭ്യമല്ല | 1-17 |
| 18 | ഗ്രാമ പഞ്ചായത്തുകൾക്ക് വിവിധ റോഡ് പ്രവർത്തികൾക്ക് നൽകിയ തുകകൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-18 |
| 19 | മാർഗ്ഗരേഖക്കനുസരിച്ച് പദ്ധതി നടപ്പാക്കിയില്ല. | 1-19 |
| 20 | ദുരന്തനിവാരണം-പ്രായോഗിക പരിശീലനവുമായി ബന്ധപ്പെട്ട ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. | 1-20 |
| 21 | കൊറോണ രോഗ പ്രതിരോധ സുരക്ഷാ സാമഗ്രികൾ വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 1-21 |
| 22 | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നല്കിയത്-വിശദാംശങ്ങൾ ലഭ്യമല്ല | 1-22 |
| 23 | സി.എച്ച്.സി യിലേക്ക് മരുന്നു വാങ്ങിയത്- ഇൻവോയ്സ്,സ്റ്റോക്ക് രജിസ്റ്റർ ലഭ്യമല്ല | 1-23 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4



| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |



## അനുബന്ധം



| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം –1
# പൊതു അവലോകനം

## 1–1 ബജറ്റ്

പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020–21 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് ഭരണസമിതിയുടെ 05.03.2020 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകാരം നൽകുകയുണ്ടായി.

| | ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് | യഥാർത്ഥ വരവ് ചെലവ് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | --- | 45,52,003 | +45,52,003 |
| വരവ് | 24,50,12,000 | 4,69,68,622 | -19,80,43,378 |
| ആകെ | 24,50,12,000 | 5,15,20,625 | 19,34,91,375 |
| ചെലവ് | 2,45,02,000 | 4,86,71,571 | 19,58,30,427 |
| നീക്കിയിരിപ്പ് | 5,10,000 | 28,49,054 | -23,39,054 |

ബജറ്റ് പ്രകാരമുള്ള വരവ്–ചെലവും യഥാർത്ഥ വരവ്–ചെലവും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1–2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 02-07-2021 |

## 1–3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 45,52,003.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,69,68,622.00 |
| ആകെ | 5,15,20,625.00 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,86,71,571.00 |
| നീക്കിയിരിപ്പ് | 28,49,054.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 60,29,175/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 2,03,68,730 | 2,03,68,730 | 2,03,66,951 | 0 | 1779 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1,17,07,000 | 1,17,07,000 | 88,01,009 | 0 | 29,05,991 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 6,90,000 | 6,90,000 | 6,00,000 | 0 | 90,000 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 43,90,144 | 43,90,144 | 31,78,964 | 0 | 12,11,180 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 94,40,000 | 94,40,000 | 76,06,275 | 0 | 18,33,725 |
| **കേന്ദ്രാവിഷ്കൃതഫണ്ട്-** | | | | | | |
| 320 100 113<br>Indira Awas Yojana | 3,00,043 | 6,894 | 3,06,937 | 2,80,000 | 0 | 26,937 |
| **സംസ്ഥാനാവിഷ്കൃതഫണ്ട്-** | | | | | | |
| 320 200 309 | 447 | 12 | 459 | 0 | 459 | |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരതാ മിഷൻ ഫണ്ട് | | | | | | |
| 320100115<br>ടോട്ടൽ സാനിറ്റേഷൻ | 22,80,746 | 89,582 | 23,70,328 | 5,51,025 | 0 | 18,19,303 |

2020-21 സാമ്പത്തിക വർഷം വികസനഫണ്ട് ( ടി.എസ്.പി), സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, സംരക്ഷണ ഗ്രാന്റ് (റോഡിതരം) എന്നീ ഇനങ്ങളിലെ തുകകൾ ചെലവഴിക്കാതെ ലാപ്സാകുകയാണുണ്ടായത്. 2020-21 വർഷം ഗവ.പ്രൊജക്റ്റ് ആയി ഇ.എം.എസ്. ഭവന വായ്പ 4,79,369/- രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടുണ്ട്. ഭൂരിഭാഗം പ്രൊജക്ടുകളുടെയും നിർവ്വഹണം സാമ്പത്തിക വർഷാവസാനം വരെ നീട്ടിക്കൊണ്ടുപോയതുകൊണ്ടാകണം പ്രൊജക്ടുകൾ പൂർണ്ണമായി നടപ്പാകാതെ തുക ലാപ്സായിപ്പോയത് . പദ്ധതി ആസൂത്രണനിർവ്വഹണം സംബന്ധിച്ച് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിർവ്വഹണ കലണ്ടർ കൃത്യമായി പാലിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും കാണുന്ന അലംഭാവം ഗ്രാന്റുകൾ ലാപ്സായിപ്പോകുന്നതിന് ഇടവരുത്തുന്നുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 95 | 4,58,69,000 | 75 | 4,58,69,000 | 13 | 07 | 78.95% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.03.2022 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേ ദിവസം വരവിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ലായെന്നും നീക്കിയിരുപ്പില്ലെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ഫയൽ നീക്കങ്ങളുടെ സുതാര്യത നിരീക്ഷിക്കുന്നതിനായി കാര്യക്ഷമമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. സൂചിക സോഫ്റ്റ്‌വെയർ ബ്ലോക്ക് പഞ്ചായത്തിൽ ഉപയോഗിച്ചിരുന്നെങ്കിലും ആ സംവിധാനം നിലവിൽ ഉപയോഗിക്കുന്നില്ല. ഫയൽ നീക്കം മോണിറ്റർ ചെയ്യപ്പെടുന്നതിന് സംവിധാനമൊരുക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.12.2021 മുതൽ 17.12.2021 വരെ | 2020-21 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.03.2022 മുതൽ 09.03.2022 വരെ | 2017-18 മുതൽ 2020-21 വരെ | ലഭിച്ചിട്ടില്ല |

## 1-10 ബ്ലോക്ക് പഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടം - അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

2020-21 സാമ്പത്തിക വർഷത്തിൽ വാടക രജിസ്റ്റർ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം (നം. 16/245A) മാസ വാടക 1100/- രൂപ നിശ്ചയിച്ച് (ഏപ്രിൽ മുതൽ ജൂൺ വരെ 1000/- രൂപ) കാന്റീൻ നടത്തുന്നതിനായി 'വനിത കുടുംബശ്രീ'യ്ക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്.

കെട്ടിട വാടക രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങളുടെ നടത്തിപ്പിനായുള്ള ബൈലോ രൂപീകരിച്ചിട്ടില്ല.

2. കെട്ടിടവാടകയിനത്തിൽ ലഭിക്കേണ്ട ആകെ തുക 12900/-രൂപയാണ്(1000x3+1100x9) 2020-21 ലെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കെട്ടിടങ്ങളുടെ വാടകയിനത്തിലെ വരവ് 10700/-രൂപയാണ് ബാക്കി തുകയായ 2200/-രൂപ പിരിച്ചെടുക്കുകയോ ബാലൻസ് ഷീറ്റിൽ കുടിശ്ശികയായി ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ വാടകക്കാരുമായി നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമക്കേണ്ടതാണ്. വാടകക്കാരുമായി നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും

ഫോറം III ന്റെ മാതൃകയിലുള്ളതല്ല. വാടക മുറിയുടെ വിസ്തീർണ്ണം, അതിരുകൾ, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ എന്നിവയുടെ വിശദാംശങ്ങൾ കരാർ പത്രങ്ങളിൽ ഉൾപ്പെടുത്തുന്നില്ല.

ഇതു സംബന്ധിച്ച് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/30.03.2022) ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

1. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ തയ്യാറാക്കി അംഗീകാരം വാങ്ങിയതായി കാണുന്നില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക നിശ്ചയിക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ ചട്ടം 3 (5, 6, 7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ വാടകക്കാരുമായി കരാർ ചമയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. വാടക മുറിയുടെ വിസ്തീർണ്ണം, അതിരുകൾ, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ എന്നിവയുടെ വിശദാംശങ്ങൾ, വാടകക്കാരൻ കടമുറി എന്താവശ്യത്തിനാണ് എടുക്കുന്നത് എന്നീ ആവശ്യമായ എല്ലാ വിവരങ്ങളും കരാർ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.
4. വാടകയിനത്തിലെ മുൻവർഷങ്ങളിലെ കുടിശ്ശിക തുകകൾ പിരിച്ചെടുക്കാനാവശ്യമായ മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-11 തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല**

ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ബ്ലോക്ക് പ്രസിഡണ്ടിന്റെ ഡ്രൈവർ, എം.ജി.എൻ.ആർ.ജി.എസ്. ജീവനക്കാർ എന്നിവർക്ക് വേതനം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തിക | ജീവനക്കാരന്റെ പേര് | 2020-21 ൽ ലഭിച്ച ആകെ തുക |
|---|---|---|---|

| | | | (രൂപയിൽ) | |
|---|---|---|---|---|
| | | | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
| 1 | ബ്ലോക്ക് പ്രസിഡണ്ടിന്റെ ഡ്രൈവർ (ദിവസ വേതനം) | ശ്രീ. രാജേഷ് സി. ഡി. | 103455 | 116545 |
| 2 | അക്രഡിറ്റഡ് എഞ്ചിനീയർ (എം.ജി.എൻ.ആർ.ജി.എസ്.) | ശ്രീമതി. പുണ്യ രാജു | 136846 | 183295 |
| 3 | അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ (എം.ജി.എൻ.ആർ.ജി.എസ്.) | ശ്രീമതി. സേതു ലക്ഷ്മി ആർ. | 97106 | 137158 |

മേൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഒടുക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 03/30.03.2022) എം.ജി.എൻ.ആർ.ജി.എസ്. കരാർ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെന്നും ബ്ലോക്ക് പ്രസിഡണ്ടിന്റെ ഡ്രൈവറിനെ ദിവസവേതനത്തിന് നിയമിച്ചിട്ടുള്ളതിനാൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ എം.ജി.എൻ.ആർ.ജി.എസ്. കരാർ ജീവനക്കാരുടെ 2020-21 ലെ തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശം**

1. എം.ജി.എൻ.ആർ.ജി.എസ്. കരാർ ജീവനക്കാരുടെ 2020-21 ലെ തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകേണ്ടതാണ്.
2. 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ബാധകമായ തൊഴിൽ നികുതി ബ്ലോക്ക് പ്രസിഡണ്ടിന്റെ ഡ്രൈവറിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വനിത തൊഴിൽ സംരംഭ കെട്ടിടത്തിൽ കുടുബശ്രീ (ഡി.ഡി.യു.ജി.കെ.വൈ) പ്ലേസ്മെന്റ് സെന്ററിന് ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ- പദ്ധതി നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ.

പ്രൊജക്ട് നം. 84/20-21,
പ്രൊജക്ട് : വനിത തൊഴിൽ സംരംഭ കെട്ടിടത്തിൽ കുടുബശ്രീ (ഡി.ഡി.യു.ജി.കെ.വൈ) പ്ലേസ്മെന്റ് സെന്ററിന്

ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ (എസ് .ഒ)
നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

അടങ്കൽ : 250000/- രൂപ (വികസന ഫണ്ട് )

ചെലവ് : 247330/- രൂപ (ഇൻവോയ്സ് നം. KADCO/CRO/SALE/429/19-20, Dt: 16.03.2020)

ബിൽ നം. 12440/11.4.2020.

DDU-GKY ("ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീണ കരകൌശല യോജന") പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീക്ക് യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനത്തിന് സൗകര്യം ഒരുക്കുന്നതിനായാണ് ബ്ലോക്ക് ഓഫീസ് പരിസരത്ത് വനിത തൊഴിൽ സംരംഭ കെട്ടിടത്തിലെ മുറി കൈമാറിയിട്ടുള്ളത് (കരാർ തീയതി : 9.3.2020, കാലാവധി : 11മാസം) 2019-20 ൽ അംഗീകാരം നേടിയ മേൽ പദ്ധതി പ്രകാരം ഫർണ്ണിച്ചർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ പദ്ധതിക്കായി കാഡ്കോയിൽ നിന്നും വാങ്ങുകയുണ്ടായി.

പദ്ധതി നിർവ്വഹണത്തിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കരാർ പ്രകാരം കുടുംബശ്രീ മുറി ഏറ്റെടുത്തതിന് ശേഷം പരിശീലന കേന്ദ്രം പ്രവർത്തിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

2. മുറി കരാർ കാലാവധിക്ക് ശേഷം ഉപയോഗപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമല്ല.

3. നിലവിൽ സാക്ഷരതാ മിഷന്റെ ഒരു നോഡൽ പ്രേരക്കാണ് പ്രസ്തുത മുറി ഉപയോഗിക്കുന്നത്. പദ്ധതി ഉപേക്ഷിച്ചതിനാലാണോ പ്രേരക്കിന് മുറി കൈമാറിയതെന്ന് വ്യക്തമല്ല.

4. പദ്ധതിക്കായി വാങ്ങിയ 100 പ്ലാസ്റ്റിക്ക് ചെയർ മറ്റൊരു വനിതാ പരിശീലന ഹാളിലാണ് സൂക്ഷിച്ചത്. കൂടാതെ 3 സീറ്റർ സ്റ്റീൽ ചെയർ 4 എണ്ണത്തിൽ 3 എണ്ണവും ബ്ലോക്ക് ഓഫീസ് കെട്ടിടത്തിലാണ് സൂക്ഷിച്ചിരിക്കുന്നത്. (26.03.2022 ൽ ശ്രീ. ബിനു, സീനിയർ ക്ലർക്കിനൊപ്പം നടത്തിയ ഭൗതിക പരിശോധനയിൽ കണ്ടത് ).

5. കുടുംബശ്രീ പരിശീലന പരിപാടിക്കായി (DDUGKY) ബ്ലോക്കിന്റെ കൈവശമുള്ള മുറി ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നും പദ്ധതി പ്രകാരം വാങ്ങിയ 2.5 ലക്ഷം രൂപയുടെ ഫർണ്ണിച്ചറുകളും മറ്റ് ഉപകരണങ്ങളും ഇനി ഉപയോഗപ്പെടുത്താൻ ആകുമോ എന്നും ഫയലിൽ നിന്നും വ്യക്തമല്ല. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/31.3.22) മറുപടി ലഭ്യമാക്കിയിട്ടില്ല.
സർക്കാറിന്റെ പണം ഉപയോഗിച്ച് പദ്ധതിക്കായി വാങ്ങിയ 2.5 ലക്ഷത്തോളം രൂപയുടെ സാധനങ്ങൾ പദ്ധതിക്ക് ഉപയോഗപ്പെടാതെയും ആർക്കും പ്രയോജനപ്പെടാതെയുമുള്ള അവസ്ഥയിലാണുള്ളത്. പദ്ധതി മോണിറ്ററിങ്ങ് റിപ്പോർട്ട് ഫയലിലില്ല. മേൽ പറഞ്ഞ പദ്ധതിയുടെ തുടർ നടപടി മോണിറ്ററിങ്ങ് കമ്മിറ്റി റിപ്പോർട്ട് എന്നിവ

ലഭ്യമാക്കേണ്ടതാണ്. കൂടാതെ മേൽപദ്ധതിക്കായി വാങ്ങിയ സാധനങ്ങൾ ഉപയോഗപ്രദമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-13 ചേരമർ എസ് സി കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണവും പ്ലംബിംഗും - പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല**

പ്രൊജക്റ്റ് നം. : 80/21, ചേരമർ എസ്.സി. കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണവും പ്ലംബിംഗും.

അടങ്കൽ : ₹ 1,60,000/-

ചെലവ് : ₹ 1,58,704/-
നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

1. ബിൽ നം. 1450336/10.03.2020, തുക 1,08,704/- രൂപ
2. ബിൽ നം. 340025/10.07.2020, തുക 50,000/- രൂപ

മേൽ ക്രമ നം. 1 പ്രകാരം വൈദ്യുതീകരണ പ്രവർത്തി പൂർത്തീകരിച്ചതിന്റെ ബില്ലും അനുബന്ധ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ക്രമ നം. 2 പ്രകാരമുള്ള ബിൽ പ്രകാരം 50,000/- ചെലവഴിച്ച രേഖകൾ ഫയലിൽ ഇല്ല. രേഖകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/31.3.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-14 വനിതകൾക്ക്(എസ്.സി) സ്വയം തൊഴിൽ സംരംഭ ഗ്രൂപ്പുകൾക്ക് ധനസഹായം - പദ്ധതി പ്രവർത്തനമാരംഭിച്ചിട്ടില്ല.**

പദ്ധതി നം. : എസ്.ഒ.79/20-21

ബിൽ നം. & തുക: 2/20-21/09.07.2020 , ₹ 2,50,000/-

ബാങ്കിലേക്ക് സബ്സിഡി കൈമാറിയ തീയതി : 09-07-2020.

ഓഡിറ്റ് വർഷം മൂന്ന് പദ്ധതികൾക്കാണ് സബ്സിഡിയായി ധനസഹായം അനുവദിച്ചിട്ടുള്ളത്. ഐശ്വര്യ, ഗന്ധിക, ഹൃദ്യം എന്നിവയാണവ. ഇതിൽ ഐശ്വര്യ, ഗന്ധിക എന്നിവ സ്പില്ലോവർ പദ്ധതികളാണ്. ഇവയ്ക്ക് യഥാക്രമം 3 ലക്ഷം, 2.5 ലക്ഷം രൂപ വീതമാണ് സബ്സിഡി അനുവദിച്ചത്. മൂന്ന് യൂണിറ്റുകളുടേയും ലോൺ അക്കൗണ്ടുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത യൂണിറ്റുകൾ ലോൺ തിരിച്ചടവ് ആരംഭിച്ചിട്ടില്ല

എന്നറിയിക്കുകയുണ്ടായി. ഇതിൽ ഗന്ധിക വനിത ഭക്ഷ്യോൽപ്പാദന നിർമ്മാണ യൂണിറ്റ് നാളിതുവരെ പ്രവർത്തനവും ആരംഭിച്ചതായി കാണുന്നില്ല. നോർത്ത് പറവൂരിലെ യൂണിയൻ ബാങ്കിൽ നിന്നും 4 ലക്ഷം രൂപ ലോൺ എടുത്താണ് അഞ്ച് പേർ ചേർന്ന ഗ്രൂപ്പ് സംരംഭം പ്രവർത്തനം ആരംഭിച്ചത്.

ഓഡിറ്റിന്റെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥനുമായി 30.3.22-ൽ നടത്തിയ ഭൗതിക പരിശോധനയിൽ ചേന്ദമംഗലം കിഴക്കുംപുറത്ത് 8-ാം വാർഡിൽ നിർമ്മാണ യൂണിറ്റ് ആരംഭിച്ച സ്ഥലത്ത് പ്രവർത്തനം ആരംഭിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ളതായി അറിയിക്കുകയും ഗ്രൂപ്പ് സെക്രട്ടറി ശ്രീമതി മഹിളാശിവദാസിന്റെ ഭവനത്തിന് സമീപം മറ്റൊരു ഷെഡിൽ യൂണിറ്റിന്റെ യന്ത്രോപകരണങ്ങൾ ഉപയോഗിക്കാതെ സൂക്ഷിക്കുന്നതായി കാണുകയുണ്ടായി. ഇവിടെ വൈദ്യുതി ബന്ധവും ലഭിച്ചിട്ടില്ല. പ്രവർത്തനം ആരംഭിച്ച് വായ്പാ തുക അടവാക്കുന്ന മുറയ്ക്ക് കരാർ പ്രകാരം ബാക്ക്എന്റായി സബ്സിഡി തുകക്ക് യൂണിറ്റിന് അർഹതയുള്ളൂ. ആയതിനാൽ യൂണിറ്റ് പ്രവർത്തനം ആരംഭിച്ച് വായ്പാതുക അടവാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മറ്റ് രണ്ട് യൂണിറ്റുകളുടേയും ലോൺ തുക നാളിതുവരെ അടവാക്കാത്തതിനാൽ ഇതുവരെ സബ്സിഡി തുകക്ക് അഹർതയില്ലാത്തതാകുന്നു. മേൽപ്പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8 തീയതി 31.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരമുള്ള മാനദണ്ഡം പാലിക്കാത്ത പക്ഷം കരാർ പ്രകാരം ചെലവഴിച്ച തുക തിരിച്ചീടാക്കാനുള്ള നടപടി സ്വീകരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥന് ബാധ്യത ഉണ്ടായിരിക്കുന്നതാണ്.

## <u>1-15 ഡെപ്പോസിറ്റ് പ്രവർത്തിക്ക് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.</u>

പറവൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ചേന്ദമംഗലം ഗ്രാമപഞ്ചായത്തിലെ വിവിധ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിലേക്ക് ഡെപ്പോസിറ്റ് ചെയ്ത താഴെ പറയുന്ന തുകക്ക് നാളിതു വരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി നം. | അടങ്കൽ | ചെലവ് | ബിൽ നം./ചെക്ക്നം | തുക |
|---|---|---|---|---|
| 112/20-21 | 13,20,000/- | 9,98,636/- | 571882/ 29.9.20<br>397470/ 27.3.21 | 9,53,600/-<br>45,036/- |

മേൽ പ്രവൃത്തികൾ സംബന്ധിച്ച് നിലവിലെ അവസ്ഥ ആരായേണ്ടതും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പ്രവൃത്തി വൈകിയത് മൂലമുള്ള അധിക ബാധ്യത വന്നാൽ ആയതിന് കരാർ പ്രകാരം നിർവ്വഹണ ബാധ്യത ഇല്ല എന്നറിയിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ

സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 9,98,636/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം - വിവിധ പഞ്ചായത്തുകൾക്കുള്ള ചെലവിന്റെ വിശദാംശങ്ങൾ, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല.

പദ്ധതി നം. : 16/20-21

നിർവ്വഹണം : സെക്രട്ടറി

| അടങ്കൽ | ചെലവ് | ബിൽ നം./ചെക്ക്നം | തുക |
|---|---|---|---|
| 22,00,000/- | 11,95,069/- | 1454161/ 31.3.21 | 3,96,701/- |

പറവൂർ ബ്ലോക്ക് പഞ്ചായത്തിലെ അഞ്ച് ഗ്രാമപഞ്ചായത്തുകളിലെ തോട്ടുകളിലേയും നീർചാലുകളിലേയും എക്കൽ യന്ത്രസഹായത്താൽ നീക്കം ചെയ്യൽ, തോട്ടുകൾ സംരക്ഷിക്കൽ എന്നിവയിലേക്കായി ഗ്രാമ പഞ്ചായത്തുകളിലേക്ക് വിഹിതം നൽകുന്നതാണ് പദ്ധതി. വടക്കേക്കര ഗ്രാമ പഞ്ചായത്തിലേക്ക് തുക കൈമാറിയതിന്റെ രേഖ മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളു. കൈമാറിയ തുകക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുമില്ല. കൂടാതെ മേൽ പദ്ധതിക്കായി ചെലവഴിച്ച ശേഷിക്കുന്ന തുകകളുടെ ബിൽ, വിനിയോഗ വിവരം, മറ്റ് വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/31.3.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതിക്കായി ചെലവഴിച്ച മുഴുവൻ തുകകളുടേയും രേഖകൾ ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 7,98,368/- (1195069-396701) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 അങ്കണവാടികളിൽ മിനി എം.സി.എഫ്. സ്ഥാപിക്കൽ - വിശദാംശങ്ങൾ ലഭ്യമല്ല

പ്രൊജക്ട് നം. 88/21 (എസ്.ഒ)

പ്രൊജക്ട്: അങ്കണവാടികളിൽ എം.സി.എഫ്. സ്ഥാപിക്കൽ

അടങ്കൽ : 350000/-

ചെലവ് : 346800/-

ഇൻവോയ്സ് നം. : KADCO/CRO/SALE/481/19-20, Dt: 23.03.2020

മേൽ ഇൻവോയ്സ് പ്രകാരം കാഡ്കോയിൽ നിന്നും ലഭ്യമായിട്ടുള്ള 66 എം.സി.എഫ്.കൾ അങ്കണവാടികളിൽ വിതരണം ചെയ്തതിന്റെയും അവ സ്ഥാപിച്ചതിന്റേയും രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ ന്യൂനത ഉൾപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/31.3.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതും മോണിറ്ററിങ്ങ് കമ്മറ്റി ഇപ്പോഴത്തെ അവസ്ഥ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 1-18 ഗ്രാമ പഞ്ചായത്തുകൾക്ക് വിവിധ റോഡ് പ്രവർത്തികൾക്ക് നൽകിയ തുകകൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം, പേര് | ബിൽ നം, തീയതി | ചെലവഴിച്ച തുക | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 96/20-21 (So)<br>കൈനടം ചൈതന്യ റോഡ്,ചേന്ദമംഗലം ഗ്രാമ പഞ്ചായത്ത് വിഹിതം കൈമാറൽ. | ലഭ്യമാക്കിയിട്ടില്ല. | 500000/- | ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് |
| 2 | 97/20-21<br>ചിങ്ങാതുശ്ശേരി കാമ്പളം റോഡ്. കോട്ടുവള്ളി ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ. | 485329/ 21.8.19 | 750000/- | കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് |
| 3 | 133/20-21<br>മാറായിൽ റോഡ്- വാർഡ്-12 ചേന്ദ മംഗലം ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ. | ലഭ്യമാക്കിയിട്ടില്ല. | 479230/- | ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് |
| 4 | 64/20-21<br>ഫാ.മൈക്കൽ നിലവരേത്ത് ,ലിങ്ക് റോഡ്,ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ. | ലഭ്യമാക്കിയിട്ടില്ല. | 459000/- | ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| 5 | 90/20-21<br>കോച്ചമ്പം റോഡ് റീടാറിങ്ങ്, കോട്ടവള്ളി ഗ്രാമ പഞ്ചായത്ത് വിഹിതം കൈമാറൽ. | ലഭ്യമാക്കിയിട്ടില്ല. | 456885/- | കോട്ടവള്ളി ഗ്രാമപഞ്ചായത്ത് |
| 6 | 98/20-21<br>പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം കൈമാറൽ. | ലഭ്യമാക്കിയിട്ടില്ല. | 600000/- | ലഭ്യമല്ല. |
| ആകെ | | | 32,45,115/- | |

ട്രഷറി ബിൽ ബുക്ക്, ഇ-ബിൽ രജിസ്റ്റർ എന്നിവ വഴി ബിൽ നം., തീയതി എന്നിവ ലഭ്യമാകുമെങ്കിലും ബന്ധപ്പെട്ടവർ ആയത് ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ പദ്ധതികളുടെ ചെലവ് തുക ആകെ 32,45,115/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 മാർഗ്ഗരേഖക്കനുസരിച്ച് പദ്ധതി നടപ്പാക്കിയില്ല.

പദ്ധതി നം. 85/20-21

പദ്ധതി : വനിത ഗ്രൂപ്പിന് സ്വയം തൊഴിൽ സംരംഭ വായ്പ,

അടങ്കൽ/ചെലവ്. 200000/-

ബിൽ നം. 16546/11.4.20

നിർവ്വഹണം : സെക്രട്ടറി.

പറവൂർ ബ്ലോക്ക് പഞ്ചായത്തിലെ ചിറ്റാറ്റുകര പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ച 5 വനിതകളടങ്ങുന്ന 'കളരിക്കൽ' ക്ലോത്ത് ബാഗ് എന്ന തുണി സഞ്ചി നിർമ്മാണ യൂണിറ്റിന് ബാങ്ക് വായ്പ അനുവദിക്കുന്ന മുറക്ക് ബാക്ക്എന്റ് സബ്സിഡിയായി പദ്ധതി വിഹിതം രണ്ട് ലക്ഷം രൂപ അനുവദിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് 18.3.20 -ൽ തീരുമാനമെടുത്തിരുന്നു. (ഉത്തരവ് നം.ബി.20/2020,തി20.3.20). തുടർന്ന് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും 4 ലക്ഷം രൂപ യൂണിറ്റിന് വായ്പ അനുവദിച്ചിരുന്നു. തുടർന്ന് ബാങ്കിലേക്ക് തുക കൈമാറേണ്ടതിന് പകരം M/S കളരിക്കൽ ക്ലോത്ത് യൂണിറ്റിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് (നം.85619020000017) സബ്സിഡി കൈമാറിയത്. ഇപ്രകാരം തുക കൈമാറാൻ വ്യവസ്ഥയില്ല. മേൽ പറഞ്ഞ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (12/31.3.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ പ്രസ്തുത യൂണിറ്റിന്റെ ബാങ്ക് ലോൺ സ്റ്റേറ്റ്മെന്റും, നിലവിലെ അവസ്ഥയും, മോണിറ്ററിങ്ങ് കമ്മിറ്റി റിപ്പോർട്ടും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 ദുരന്തനിവാരണം-പ്രായോഗിക പരിശീലനവുമായി ബന്ധപ്പെട്ട ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല.

പദ്ധതി നം. : 73/20-21(So)

പദ്ധതി : ദുരന്ത നിവാരണ മാർഗ്ഗങ്ങൾ - അവബോധനവും പ്രായോഗിക പരിശീലനവും.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് 50 ദുരന്ത നിവാരണ സേനാ അംഗങ്ങൾക്ക് അഗ്നിരക്ഷാ നിലയം മുഖേന പരിശീലനം നൽകിയതായും ആയതിലേക്കായി വാങ്ങിയ ഉപകരണങ്ങളുടെ വിലയായി താഴെ പറയുന്ന പ്രകാരമുള്ള തുക അനുവദിച്ചതായും സെക്രട്ടറി ഉത്തരവാക്കിയിട്ടുണ്ട് (നം.സി.916/2020തി.12.6.2020).

കൊച്ചിൻ ഫയർടെക്ക്, ഇൻവോയിസ് നം. CE.361/20-21/10.6.20. ഹെൽമെറ്റ്, റിഫ്ലക്ടീവ് ജാക്കറ്റ് (50) , തുക - ₹12,263/-

| അടങ്കൽ | ആകെ ചെലവ് | ബിൽ നം./ചെക്ക്നം | തുക |
|---|---|---|---|
| 1,00,000/- | 99,319/- | 299940/ 26.6.20 | 12,263/- |

പദ്ധതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആകെ 12,263/- രൂപയുടെ ചെലവിന്റെ രേഖകൾ മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. ശേഷിക്കുന്ന ചെലവിന്റെ മറ്റ് വിശദാംശങ്ങൾ, രേഖകൾ എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/31.3.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ 87,056/- (99319-12263) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 കൊറോണ രോഗ പ്രതിരോധ സുരക്ഷാ സാമഗ്രികൾ വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കൊറോണ രോഗ പ്രതിരോധ സുരക്ഷാ സാമഗ്രികൾ വാങ്ങുന്നതിനായി (സി.ബി. നം. 3/20-21/02.04.2020) മൂത്തകുന്നം സി.എച്ച്.സി. മെഡിക്കൽ ഓഫീസർക്ക് (അക്കൗണ്ട് നം. 71103140000080) 50,000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ കൊറോണ രോഗ പ്രതിരോധ സുരക്ഷാ സാമഗ്രികൾ

വാങ്ങിയതിന്റെ ഒറിജിനൽ ഇൻവോയ്സ്/ബില്ലുകൾ, ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല. മേൽ രേഖകൾ പരിശോധനയ്ക്ക് നൽകുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 03/30.03.2022) മറുപടി നൽകിയിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശം**

കൊറോണ രോഗ പ്രതിരോധ സുരക്ഷാ സാമഗ്രികൾ വാങ്ങിയതിന്റെ ഒറിജിനൽ ഇൻവോയ്സ്/ബില്ലുകൾ, ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ഈ ഇനത്തിലുള്ള 50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നല്കിയത്-വിശദാംശങ്ങൾ ലഭ്യമല്ല

| | |
|---|---|
| പ്രൊജക്ട് | 74/21 (എസ്.ഒ.) |
| നിർവഹണോദ്യോഗസ്ഥൻ | CDPO |
| അടങ്കൽ | ₹ 2,87,967/- |
| ബിൽ നം. | 7/11-4-2020 (തുക: 2,87,910/-) |
| ഫണ്ട് | വികസനഫണ്ട് (ജനറൽ) |

ഭിന്ന ശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്നതാണ് പ്രൊജക്ട്. ഇതിനായി കെൽട്രോണിൽ നിന്ന് ഉപകരണങ്ങൾ വാങ്ങി നൽകുകയാണ് ചെയ്തത്. ആകെ 2,87,910/- രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഇതിൽ ഒരു മോട്ടോറൈസ്ഡ് വീൽ ചെയറും ഒരു ബ്രയിലി ലാപ് ടോപ്പും വാങ്ങിയിട്ടുണ്ട്. മോട്ടോറൈസ്ഡ് വീൽ ചെയറിന്റെ വില 1,04,012/- രൂപയും ബ്രയിലി ലാപ് ടോപ്പിന്റെ വില 38,000/- രൂപയും കൂടാതെ മറ്റ് ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ഗുണഭോക്താക്കളുടെ ലിസ്റ്റോ അവരുടെ അപേക്ഷയോ കൗൺസിൽ തീരുമാനങ്ങളോ ഒന്നും ലഭ്യമല്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മോട്ടോറൈസ്ഡ് വീൽ ചെയർ ശ്രീമതി. അഭിരാമി എം.എ., മണ്ണുചിറ എന്ന വ്യക്തിക്കും ബ്രയിലി ലാപ് ടോപ്പ് ആകാശ് കെ.എസ്. എന്ന വ്യക്തിക്കും ആണ് നൽകിയിട്ടുള്ളത്. എന്നാൽ ഇവരുടെ മറ്റ് വിവരങ്ങൾ ഒന്നും ലഭ്യമല്ല. ഇവരുടെ അപേക്ഷയോ കൗൺസിൽ തീരുമാനങ്ങളോ ഗുണഭോക്തൃ ലിസ്റ്റോ മറ്റ് വിവരങ്ങളോ ലഭ്യമല്ല. ഇവ ലഭ്യമാക്കേണ്ടതാണ്. മാത്രമല്ല, എഗ്രിമെന്റ് വെച്ചതും ലഭ്യമല്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.5 തീയതി 31.03.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

2019-20 വർഷം മോട്ടോറൈസ്ഡ് വീൽ ചെയർ 4 പേർക്കും 2018-19 വർഷം 2 പേർക്കും നൽകിയിട്ടുണ്ട്. മേൽ

വിവരങ്ങൾ ലഭ്യമാക്കി അപാകതകൾക്ക് വിശദീകരണം നൽകണ്ടതാണ്, എഗ്രിമെന്റ് വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-23 സി.എച്ച്.സി യിലേക്ക് മരുന്നു വാങ്ങിയത്- ഇൻവോയ്സ്,സ്റ്റോക്ക് രജിസ്റ്റർ ലഭ്യമല്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് വിവരം | 18/21 ഏഴിക്കര ,മൂത്തകുന്നം സി.എച്ച്.സി.-കളിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 8,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി. |
| ചെലവ് | ₹ 8,00,000/-<br>[1) 99,997/--ബിൽ നമ്പർ/തീയതി- 2/15.06.2020<br>2) 4,00,000/-ബിൽ നമ്പർ/തീയതി-11/22.09.2020<br>3) 2,00,000/-ബിൽ നമ്പർ/തീയതി-12/12.10.2020<br>4) 1,00,003/-ബിൽ നമ്പർ/തീയതി-32/12.10.2020] |

വടക്കൻ പറവൂർ ബ്ലോക്ക് പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം മെഡിക്കൽ ഓഫിസർ സി.എച്ച്.സി. നിർവ്വഹണം നടത്തിയ മരുന്നു വാങ്ങൽ പദ്ധതിയിൽ 8,00,000/-രൂപയ്ക്ക് മരുന്നു വാങ്ങിയിരുന്നു. ഇതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു:-

**1)** കേരള സ്റ്റേറ്റ് സിവിൽ സപ്ലൈയേഴ്സ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും 99,997/- രൂപയുടെ മരുന്ന് വാങ്ങിയിരുന്നുവെങ്കിലും മരുന്നു ലഭിച്ചതിന്റെ ഇൻവോയ്സ് ഫയലിൽ ലഭ്യമല്ല. 29.05.2020ലെ 0704301 നമ്പർ ഗുഡ്സ് ഇഷ്യൂ നോട്ട് മാത്രമാണ് ഫയലിൽ ഉള്ളത്. ലഭ്യമായ മരുന്നുകൾ സ്റ്റോക്കിൽ എടുത്ത് സൂക്ഷിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

**2)** കൂടാതെ വിവിധ ബില്ലുകൾ വഴി മരുന്നു വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് 7,00,003/-രൂപ നൽകിയിരുന്നുവെങ്കിലും മരുന്ന് ലഭ്യമാക്കിയതിന്റെ ഇൻവോയ്സ് ബിൽ ഹാജരാക്കിയിട്ടില്ല. മേൽ തുകയ്ക്കുള്ള മരുന്നിന്റെ പ്രഫോർമ ഇൻവോയ്സ് മാത്രമാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-1/30.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ച 8,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 2019-20 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഏഴിക്കര ഗ്രാമപഞ്ചായത്ത് | 2020-21 | 1,17,298 | പ്രോജക്ട് നമ്പർ 103/21 തലക്കാട് വടക്കുംപുറം റോഡ് നിർമ്മാണം. | 1,17,298 | 0 |
| | **ആകെ** | 1,17,298 | | 1,17,298 | **0** |
| എറണാകുളം ജില്ലാപഞ്ചായത്ത് | 2020-21 | 4,00,000 | പ്രോജക്ട് നമ്പർ 5/21 ലൈഫ് ഭൂമി വാങ്ങൽ | 4,00,000 | **0** |
| | **ആകെ** | 4,00,000 | | **0** | 4,00,000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| IAY- ലോൺ | | 66,37,500 | 47,61,399 | 47,61,399 | 34970 | 0 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-6 | 2007-08 | 3.46.1 | വനിത SHGക്ക് RF നൽകിയത് | മറുപടി സമർപ്പിച്ചിട്ടുണ്ട് |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,69,68,622.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,86,71,571.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 60,29,175.00 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ | സ്ഥിരമായ മേൽവിലാസം |
|---|---|---|---|

| | | | |
|---|---|---|---|
| | | പേരും ഉദ്യോഗപ്പേരും | |
| 1–13 | 50,000 | ശ്രീദേവി കെ.ജി., സെക്രട്ടറി | കണിയാംപറമ്പിൽ വീട് ബ്രഹ്മമംഗലം, കോട്ടയം –686614 |
| 1–15 | 998636 | ലൈല വി.എം., സെക്രട്ടറി | വട്ടപ്പറമ്പിൽ വീട്, കൊടുങ്ങല്ലൂർ(PO), തൃശ്ശൂർ – 680664 |
| 1–16 | 798368 | ലൈല വി.എം., സെക്രട്ടറി | വട്ടപ്പറമ്പിൽ വീട്, കൊടുങ്ങല്ലൂർ(PO), തൃശ്ശൂർ – 680664 |
| 1–18 | 3245115 | ലൈല വി.എം., സെക്രട്ടറി | വട്ടപ്പറമ്പിൽ വീട്, കൊടുങ്ങല്ലൂർ(PO), തൃശ്ശൂർ – 680664 |
| 1–20 | 87056 | ശ്രീദേവി കെ.ജി., സെക്രട്ടറി | കണിയാംപറമ്പിൽ വീട് ബ്രഹ്മമംഗലം, കോട്ടയം –686614 |
| 1–21 | 50000 | ശ്രീദേവി കെ.ജി., സെക്രട്ടറി | കണിയാംപറമ്പിൽ വീട് ബ്രഹ്മമംഗലം, കോട്ടയം –686614 |
| 1–23 | 800000 | ഡോ. പ്രീതി ബി. മെഡിക്കൽ ഓഫിസർ സി.എച്ച്.സി., ഏഴിക്കര | സുദിനം അപ്പാർട്ടമെന്റ് സ്റ്റാർ വാല്യ റോഡ് മാവേലിപുരം |
| ആകെ | 60,29,175 | | |

**(സി) <u>കേന്ദ്ര–സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം</u>**

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ഡോ.പ്രീതി.ബി<br>മെഡിക്കൽ ഓഫിസർ | മെഡിക്കൽ ഓഫിസർ,<br>സിഎച്ച്.സി, ഏഴിക്കര | സുദിനം അപ്പാർട്ടമെന്റ്<br>സ്റ്റാർ വാല്യൂ റോഡ്തീക്ഷ<br>ഭവൻ<br>കൈതാരം,എൻ.പറവൂർ<br>പിൻ–683519<br>മാവേലിപുരം |
| 2 | ശ്രീദേവി കെ.ജി.,<br>സെക്രട്ടറി<br>പറവൂർ ബ്ലോക്ക്<br>പഞ്ചായത്ത് | ---- | കണിയാംപറമ്പിൽ വീട്<br>ബ്രഹ്മമംഗലം, കോട്ടയം<br>–686614 |
| 3 | ലൈല വി.എം.,<br>സെക്രട്ടറി<br>പറവൂർ ബ്ലോക്ക്<br>പഞ്ചായത്ത് | ---- | വട്ടപ്പറമ്പിൽ വീട്,<br>കൊടുങ്ങല്ലൂർ(PO),<br>തൃശ്ശൂർ – 680664 |

## <u>4–11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2002–03 | കെ.എസ്.എ.–ഇ.കെ.എം (ബി.പി)1310/2019 തീ.03.10.2019 |
| 2014–15 & 2015–16 | കെ.എസ്.എ.–ഇ.കെ.എം (ബി.പി)1310/2019 തീ.03.10.2019 |
| 2017–18 | കെ.എസ്.എ.–ഇകെഎം (ബി.പി)256/2019 തീ.11.07.2019 |
| 2018–19 | കെ.എസ്.എ.–ഇകെഎം (ബി.പി)1688/2019 തീ.16.11.2019 |
| 2019–20 | കെ.എസ്.എ.–ഇകെഎം (ബി.പി)957/2020 തീ.10.08.2021 |

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്